4. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

5. ആധുനിക സംയോജിത ചെക്ക്പോസ്റ്റുകൾ സമയബന്ധിതമായി സ്ഥാപിക്കും.

6. അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.

7. റിട്ടേൺ സ്ക്രൂട്ടിണി, കുടിശ്ശിക അസ്സസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.

8. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.

9. നികുതി ചോർച്ച തടയുന്നതിന് റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളും കർശന നടപടി സ്വീകരിക്കുന്നുണ്ട്.

10. അനധികൃത മദ്യ വിൽപ്പനക്കെതിരെ എക്സൈസ് വകുപ്പ് കർശന നിലപാട് സ്വീകരിക്കുന്നുണ്ട്.

11. വാഹനങ്ങളുടെ സീറ്റിംഗ് കപ്പാസിറ്റി കുറച്ചുകാണിക്കുക, പർച്ചേസ് വാല്യൂ കുറച്ചു കാണിക്കുക തുടങ്ങിയവയിലൂടെയുള്ള നികുതി തട്ടിപ്പിനെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ കൈക്കൊള്ളും.

**പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണം**

24 (*54) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പരമ്പരാഗത വ്യവസായങ്ങൾ തകർച്ച നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയെ സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ:

(ബി) പ്രസ്തുത മേഖലയിൽ പണിയെടുത്തിരുന്ന തൊഴിലാളികൾ തൊഴിൽ ഉപേക്ഷിച്ചു പോകുന്നത് തടയുവാനും അവരുടെ ക്ഷേമം ഉറപ്പ് വരുത്തുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽനിന്നും സംരക്ഷിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിൽ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും ഇൻകം സപ്പോർട്ട് സ്കീമും നടപ്പാക്കി വേതന വർദ്ധനവ് വരുത്തി തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തുന്നതിന് സാധിച്ചിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും സാങ്കേതിക സഹായവും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായവും നൽകിവരുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും അതുവഴി ഉൽപ്പാദന വർദ്ധനവും വേതന വർദ്ധനവും കൈവരിച്ചുവരുന്നു. കരകൗശല മേഖലയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ കേരള കരകൗശല വികസന കോർപ്പറേഷൻ, കാഡ്കോ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, സുരഭി, കെൽപാം എന്നീ സ്ഥാപനങ്ങൾ വഴി സർക്കാർ സ്വീകരിച്ചുവരുന്നു. വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ മേഖലയിലെ കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനായി കരകൗശല വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഖാദി വ്യവസായം സംരക്ഷിക്കുന്നതിന്റെ ഭാഗമായി സർക്കാർ നൽകുന്ന വാർഷിക പദ്ധതി വിഹിതമുപയോഗിച്ച് പുതിയ വർക്ക്ഷെഡ്ഡുകളുടെ നിർമ്മാണം, പുതിയ ചർക്കകളും തറികളും സ്ഥാപിക്കൽ, ഖാദി തൊഴിലാളികൾക്ക് ഉൽപ്പാദന ഇൻസെന്റീവ്, ഉത്സവബത്ത നൽകൽ തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവരെ പ്രസ്തുത മേഖലയിൽ നിലനിർത്തുന്നതിനുമായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത കൈത്തറി മേഖലയിൽ പ്രൊഡക്ഷൻ ഇൻസെന്റീവും ഇൻകം സപ്പോർട്ട് സ്കീമും വഴി വേതന വർദ്ധനവ് വരുത്തി തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തുന്നതിന് പദ്ധതികൾ നടപ്പാക്കിവരുന്നു. തൊഴിലാളികൾക്ക് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും സാങ്കേതിക സഹായവും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായവും നൽകുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ

ഉൽപ്പാദനത്തിലൂടെ ഉയർന്ന വേതനം ലഭ്യമാക്കുന്നതിന് സഹായിക്കുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും അതുവഴി ഉൽപ്പാദനക്ഷമത വർദ്ധിക്കുകയും വേതനം വർദ്ധിക്കുകയും ചെയ്യുന്നു. കരകൗശല മേഖലയിൽ ഉൽപ്പാദനക്ഷമതയിലെ കുറവും സാങ്കേതിക വൈദഗ്ധ്യത്തിന്റെ കുറവും മെച്ചപ്പെട്ട പണിയായുധങ്ങളുടെ അഭാവവും പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റേയും കേന്ദ്ര സർക്കാരിന്റേയും വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരകൗശല മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കുടുംബാംഗങ്ങൾക്ക് അനുബന്ധ മേഖലയിൽ വിദഗ്ദ്ധ പരിശീലനം നൽകി സ്വയം സംരംഭങ്ങൾ ആരംഭിക്കുവാൻ സഹായം നൽകുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാർ അനുവദിക്കുന്ന വാർഷിക പദ്ധതി വിഹിതം ഉപയോഗിച്ച് നെയ്ത്ത് മേഖലയിലും നൂൽപ്പ് മേഖലയിലുമുള്ള തൊഴിലാളികൾക്ക് മിനിമം വേതനം നൽകുന്നതിനും ഉൽപ്പാദന ഇൻസെന്റീവ് നൽകുന്നതിനും ഉൽസവ ബത്ത അനുവദിക്കുന്നതിനും കേരള ഖാദിഗ്രാമ വ്യവസായ ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഗ്രാമവ്യവസായ മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് ധനസഹായം നൽകി പരമ്പരാഗത വ്യവസായങ്ങൾ നിലനിർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**വിനോദസഞ്ചാര നയം**

25 (*55) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :

ശ്രീ. എം. ഉമ്മർ :

ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര നയത്തിൽ മാറ്റങ്ങളെന്തെങ്കിലും വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) വിനോദസഞ്ചാര വികസനത്തോടൊപ്പം, പൈതൃകവും പരിസ്ഥിതിയും സംരക്ഷിക്കണമെന്ന കാഴ്ചപ്പാടിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly